(ഇ) സ്ഥിരം ജീവനക്കാർ ആരുംതന്നെയില്ല.

(എഫ്) നിലവിലുള്ള വേതനഘടന നിലനിർത്താൻ മാത്രമേ ഇപ്പോൾ സാധിക്കുകയുള്ളൂ.

കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കുള്ള ഡി.എ. കുടിശ്ശിക

118 [1257] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് എത്ര മാസത്തെ ഡി.എ. കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഡി.എ. കുടിശ്ശിക എപ്പോൾ കൊടുത്തു തീർക്കാമെന്ന് വ്യക്തമാക്കുമോ;

(സി) പി.എസ്.സി. വഴിയും ആശ്രിതനിയമനം വഴിയും ഉദ്യോഗം ലഭിച്ചവരിൽ എത്ര പേരെ സ്ഥിരപ്പെടുത്താൻ ബാക്കിയുണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) സ്ഥിരപ്പെടുത്താനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) സ്ഥിരപ്പെടുത്തൽ എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ;

(എഫ്) കെ.എസ്.ആർ.ടി.സി.-യുടെ ദേശസാൽകൃത റൂട്ടുകൾ സ്വകാര്യ മേഖലയ്ക്ക് തുറന്നുകൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ജി) ഉണ്ടെങ്കിൽ കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തെ എങ്ങനെ ബാധിക്കുമെന്ന് പരിശോധന നടത്തിയിട്ടുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് സർക്കാർ പ്രഖ്യാപിച്ച 1-1-1999 മുതലുള്ള ക്ഷാമബത്ത കുടിശ്ശിക കൊടുക്കാനുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള സാമ്പത്തിക നിലവച്ച് ഡി.എ. കുടിശ്ശിക കൊടുക്കാൻ നിർവ്വാഹമില്ല.

(ബി) സാമ്പത്തിക നില മെച്ചപ്പെടുമ്പോൾ ഇക്കാര്യം പരിഗണിക്കുന്നതാണ്.

(സി) പി.എസ്.സി. വഴിയും ആശ്രിതനിയമനം വഴിയും നിയമനം ലഭിച്ച 1858 ജീവനക്കാരെ സ്ഥിരപ്പെടുത്താനുണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി.-യിൽ സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതിന് പ്രതികൂലമായ സാമ്പത്തിക സ്ഥിതിയാണുള്ളത്. ഇക്കാര്യം ബഹുമാനപ്പെട്ട കോടതിയെ ബോദ്ധ്യപ്പെടുത്തിയതിന്റെ ഫലമായി അവരെ താൽക്കാലികമായി നിയമിക്കുന്നതിന് കോടതിവിധിയുണ്ടായി. ഇതു സംബന്ധിച്ച കേസ് തീർപ്പാകാതെ കോടതിയിൽ നില നിൽക്കുന്നു. ഈ സാഹചര്യത്തിലും സ്ഥിരപ്പെടുത്തുന്നതുമൂലം കോർപ്പറേഷൻ നേരിടേണ്ടിവരുന്ന സാമ്പത്തിക ബാദ്ധ്യതയും കണക്കിലെടുത്താണ് സ്ഥിരപ്പെടുത്തൽ സംബന്ധിച്ച തീരുമാനം വൈകുന്നത്.

(ഇ) ഇതു സംബന്ധിച്ച് നിലവിലുള്ള കേസ്സുകൾ തീർപ്പാകുന്നതനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇല്ല.

(ജി, എച്ച്) ചോദ്യം ഉദിക്കുന്നില്ല.

കെ.എസ്.ആർ.ടി.സി. തൊഴിലാളികളുടെ ക്ഷാമബത്ത കുടിശ്ശിക

119 [1258] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. തൊഴിലാളികൾക്ക് എത്ര ഗഡു ക്ഷാമബത്ത കുടിശ്ശികയുണ്ട്; അത് എന്ന് കൊടുത്തുതീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-യിലെ എത്ര തൊഴിലളികൾക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്; എത്ര അപേക്ഷ പരിഗണനയിലുണ്ട്; പ്രസ്തുത അപേക്ഷകളിന്മേൽ എന്ന് തീരുമാനമെടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി.-യിൽ ജീവനക്കാരുടെ പ്രൊമോഷൻ നടന്നിട്ട് എത്ര വർഷമായെന്ന് അറിയിക്കാമോ;

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് 7 ഗഡു ഡി.എ. കുടിശ്ശികയുണ്ട്. സാമ്പത്തിക നില മെച്ചപ്പെടുമ്പോൾ ഡി.എ. കുടിശ്ശിക കൊടുക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ബി) 1808 പേർക്ക് നൽകിയിട്ടുണ്ട്. 530 അപേക്ഷകൾ പരിഗണനയിലുണ്ട്. സാമ്പത്തിക പ്രതിസന്ധിമൂലം ഈ ആനുകൂല്യം നൽകുന്നത് തൽക്കാലം നിർത്തിവച്ചിരിക്കുകയാണ്.

(സി) 2003-ലാണ് അവസാനമായി പ്രൊമോഷൻ നൽകിയത്.

റിട്ടയർ ചെയ്ത കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പി. എഫ്. ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കാൻ നടപടി

120 [1259] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽനിന്നും വിരമിച്ചവരുടെ പി.എഫ്. ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കൂടുതൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഏതു തീയതിവരെ പെൻഷൻ ആയവർക്ക് പി.എഫ്. ആനുകൂല്യം നൽകിയിട്ടുണ്ട്;

(സി) കൂടുതൽ കാലതാമസം കൂടാതെ പി.എഫ്. തുക നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly